# ജർമ്മനിയിലെ സോളാർ വിപ്ലവം - ഒരു മാതൃക

വിജിത്ത് വി.സി

**ജർമ്മനിയിലെ** എല്ലാ വീടിന്റെയും മേൽക്കൂരയും ജനലും ചുമരുകളും സോളാർ പാനലാക്കുകയാണ്. ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ നിന്നും അവർ സോളാർ പാനലുകൾ വൻതോതിൽ ഇറക്കുമതി ചെയ്യുന്നുണ്ട്. അതുപോലെ ബയോഗ്യാസ്, കാറ്റ്, തിരമാല.... തുടങ്ങിയ പുനരുജ്ജീവിപ്പിക്കാവുന്ന ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ച് ഊർജ്ജപ്രതിസന്ധിക്ക് പരിഹാരം കാണുകയാണ്. വീടുകളിൽ ഉപയോഗിച്ച് മിച്ചം വരുന്ന വൈദ്യുതി നാഷണൽ ഗ്രിഡിലേയ്ക്ക് നൽകുന്നു. അതിന് തക്കതായ പ്രതിഫലവും ഗവൺമെന്റ് നൽകുന്നു. അതുവഴി ലക്ഷക്കണക്കിനാളുകൾക്ക് തൊഴിലു കൊടുക്കാൻ സാധിച്ചു. 1999-2005 കാലത്തിൽ ഭരണത്തിലുണ്ടായിരുന്ന ഗ്രീൻ പാർട്ടി പ്രാതിനിധ്യമുള്ള ഗവൺമെന്റാണ് ഇത് ത്വരിതപ്പെടുത്തിയത്. 2020 ആകുമ്പോഴേക്കും ആണവോർജ്ജം പൂർണ്ണമായി ഉപേക്ഷിക്കുക എന്ന ലക്ഷ്യം വെച്ച് 2001-ൽ നിയമം പാസാക്കി. 32 കൊല്ലത്തിനുള്ളിൽ മുഴുവൻ ആണവനിലയങ്ങളും അടച്ചുപൂട്ടാനുള്ള നടപടികളും ജർമ്മനി തുടങ്ങി. മറ്റു രാജ്യങ്ങളും ബദൽ ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കുവാനുള്ള തീവ്രശ്രമത്തിലാണ്. ആണവോർജ്ജ പദ്ധതികൾ മന്ദീഭവിപ്പിക്കുകയാണ്. ആണവനിലയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതേ ഇല്ല.

എന്നാൽ ഭൂമദ്ധ്യരേഖാ പ്രദേശമായ, യഥേഷ്ടം സൗരോർജ്ജം ലഭിക്കുന്ന ഇന്ത്യ എന്താണ് ചെയ്യുന്നത്? സോളാർ പാനലിന്റെ സബ്സിഡി എടുത്തുകളഞ്ഞു. ആണവോർജ്ജം മാത്രമാണ് ഊർജ്ജപ്രതിസന്ധിക്ക് പരിഹാരം എന്നുപറഞ്ഞ് അമേരിക്കയുമായുള്ള ആണവകരാറിന് (നാല് ലക്ഷം കോടി രൂപയുടെ) ധൃതി കൂട്ടുന്നു. അതും രാജ്യതാൽപ്പര്യത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും പേരുപറഞ്ഞ്! പ്രമുഖ ആണവശാസ്ത്രജ്ഞർ എതിർത്തിട്ടും പ്രധാനമന്ത്രി ആണവകരാറിന് പിറകെ പോകുന്നതിന്റെ രഹസ്യമെന്താണ്?

കൂടുതൽ ബന്ധങ്ങൾക്ക് :
*വീയൻചിറ ഹൗസ്, കണ്ണപുരം,*
*മൊട്ടമ്മൽ പി.ഒ., കണ്ണൂർ.*

ഈ ലക്കം മുതൽ
കേരളീയത്തിൽ
വേറിട്ടകാഴ്ചകളിലൂടെ
ശ്രദ്ധേയനായ
എഴുത്തുകാരനും
സിനിമാനടനുമായ
വി.കെ. ശ്രീരാമന്റെ
**വരവർഷം**
ആരംഭിക്കുന്നു.

## വരവർഷം

വി.കെ. ശ്രീരാമൻ

